സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പെൻഷൻകാരുടെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉത്തരവ് നമ്പർ: **ROC 3429/24/Est-IV** നന്തൻകോട്, **11/09/2026**

---

പരാമർശം :- (1)ദേവസ്വം കമ്മീഷണറുടെ 30-03-2026 ലെ ROC11401/19/Est-C നമ്പർ റിപ്പോർട്ട്.

(2) 25-04-2026 ലെ മേൽ നമ്പർ ഉത്തരവ്.

(3)ദേവസ്വം കമ്മീഷണറുടെ 22-06-2026 ലെ ROC11401/19/Est-C നമ്പർ റിപ്പോർട്ട്.

(4) 25-06-2026 ലെ മേൽ നമ്പർ ഉത്തരവ്.

(5)ദേവസ്വം കമ്മീഷണറുടെ 06-08-2026 ലെ ROC11401/19/Est-C നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് പെൻഷൻകാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ടെന്റർ വിളിച്ച് ദേവസ്വം കമ്മീഷണർ ലഭ്യമാക്കിയ (പരാമർശം -1) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രീമിയം തുക നിശ്ചയിച്ച് ഉത്തരവായി (പരാമർശം -2).

പ്രസ്തുത ഉത്തരവിൽ മെഡിക്കൽ അലവൻസ് സംബന്ധിച്ച ഒരു കോളം ഒഴിവാക്കിയതായി കാണുന്നുവെന്നും നിലവിലെ പ്രതിമാസ പ്രീമിയം തുകയായ 1,525/- രൂപ പെൻഷൻകാർക്ക് സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്നതാണെന്ന് പരാതികൾ ഉന്നയിക്കുന്നുണ്ടെന്നും മുഴുവൻ പെൻഷൻകാരേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ഇൻഷ്വറൻസ് നിർബന്ധമാക്കുന്നപക്ഷം നിലവിൽ നൽകിവരുന്ന മെഡിക്കൽ അലവൻസ് ഒഴിവാക്കുന്നതിനും മുഴുവൻ പെൻഷൻകാരേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള സൗകര്യം ഒരുക്കേണ്ടതാണെന്നും അതിനുശേഷം നിലവിലെ ഇൻഷ്വറൻസ് കമ്പനിയുമായി നെഗോസിയേഷൻ നടത്തിയോ അല്ലെങ്കിൽ വീണ്ടും ടെന്റർ ക്ഷണിച്ചോ പ്രീമിയം തുക നിശ്ചയിക്കുന്നതിനും ഉത്തരവുണ്ടാകണമെന്നും വിവരിച്ച് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം -3).

മുഴുവൻ പെൻഷൻകാരേയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും അതിനുവേണ്ട സൗകര്യം ഏർപ്പെടുത്തുന്നതിന്

ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും മെഡിക്കൽ അലവൻസ് ഒഴിവാക്കുന്നതിനും മുഴുവൻ പെൻഷൻകാരേയും ഉൾപ്പെടുത്തിയശേഷം ഇൻഷ്വറൻസ് കമ്പനിയുമായി നെഗോസിയേഷൻ നടത്തിയോ വീണ്ടും ടെന്റർ ക്ഷണിച്ചോ പ്രീമിയം തുക നിശ്ചയിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും ബോർഡ് ഉത്തരവായിരുന്നു (പരാമർശം -4).

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ 5143 പെൻഷൻകാരിൽ 2317 പെൻഷൻകാർ മാത്രമാണ് ഇൻഷ്വറൻസ് പദ്ധതിയിൽ എൻറോൾ ചെയ്തിട്ടുള്ളതെന്നും നാളിതുവരെയായി ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും ലഭ്യമായ ക്വട്ടേഷനുകളിന്മേൽ ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭിപ്രായം ലഭ്യമാക്കിയതിൽ ഇൻഷ്വറൻസ് കമ്പനി ക്വാട്ട് ചെയ്ത ഓപ്ഷനുകളിൽ കുറഞ്ഞ പ്രീമിയം തുകയുടെ ഓപ്ഷനായ 25 % co-pay സംവിധാനത്തിൽ 16,000/- രൂപ എന്നത് സ്വീകരിക്കുകയാണെങ്കിൽ ചുവടെ വിവരിക്കും പ്രകാരം പ്രീമിയം ക്രമീകരിക്കാവുന്നതാണെന്ന് ദേവസ്വം അക്കൗണ്ട്സ് ആഫീസർ അഭിപ്രായപ്പെട്ടിട്ടുള്ളതാണെന്നും വിവരിച്ച് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം -3).

| അടിസ്ഥാന പെൻഷൻ തുക | പെൻഷൻകാരുടെ വിഹിതം | ബോർഡ് വിഹിതം | ആകെ ഇൻഷ്വറൻസ് വിഹിതം |
|---|---|---|---|
| 11,500/- ൽ താഴെ (മിനിമം പെൻഷൻ തുക) | മെഡിക്കൽ അലവൻസ് ആയ 500/- രൂപ ഒഴിവാക്കിയാൽ 0 | 833/- + 500/- മെഡിക്കൽ അലവൻസ് | 1,333/- |
| 11,500/- രൂപ മുതൽ മുകളിലേക്ക് | 1,333/- (മെഡിക്കൽ അലവൻസ് ആയ 500/- രൂപ ഒഴിവാക്കിയതിനു പുറമെ പെൻഷനിൽ നിന്നും 833/- രൂപയും കൂടി ഈടാക്കാവുന്നതാണ്) | 0 | 1,333/- |

എല്ലാ പെൻഷൻകാർക്കും ഇൻഷ്വറൻസ് പദ്ധതി നിർബന്ധമാക്കിയിട്ടുള്ള സാഹചര്യത്തിൽ ടേബിളിലെ പ്രകാരം ഇൻഷ്വറൻസ് പ്രീമിയം തുക ക്രമപ്പെടുത്തുന്നത് സംബന്ധിച്ച് ഉചിതമായ ഉത്തരവുണ്ടാകണമെന്നും ദേവസ്വം കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ വിവരം പെൻഷനേഴ്സ് സംഘടനകൾ, ദേവസ്വം കമ്മീഷണർ, ദേവസ്വം അക്കൗണ്ട്സ് ആഫീസർ എന്നിവരുമായി ചർച്ച നടത്തി ചുവടെ വിവരിക്കും പ്രകാരം ബോർഡ് ഉത്തരവാകുന്നു.

- സംഘടനകളുമായി ചർച്ച ചെയ്തു. എല്ലാ പെൻഷൻകാർക്കും ഇൻഷ്വറൻസ് ബാധകമാക്കാൻ തീരുമാനിച്ചു.

- സർക്കാരിലേതുപോലെ സർവ്വീസിലുള്ളവർക്കും പെൻഷൻകാർക്കും ഒന്നിച്ച് മെഡിക്കൽ ഇൻഷ്വറൻസിന് അർഹത വരത്തക്കവിധം 2027 ഏപ്രിൽ 1 മുതൽ നടപ്പിലാക്കാൻ തീരുമാനിച്ചു.
- 2026 ഒക്ടോബർ 1 മുതൽ 2027 മാർച്ച് 31 വരെ പെൻഷൻകാർക്ക് മാത്രമായി ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിച്ച് പ്രീമിയം നിശ്ചയിക്കാൻ തീരുമാനിച്ചു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK